8. മാൻ റീഹാബിലിറ്റേഷൻ സെന്റർ, നെയ്യാർ

9. ലയൺ സഫാരി പാർക്ക്, നെയ്യാർ.

10. സ്നേക്ക് റെസ്ക്യൂ ആന്റ് റീഹാബിലിറ്റേഷൻ സെന്റർ, മലമ്പുഴ.

11. തൃപ്പൂണിത്തുറയിലുള്ള ഹിൽ പാലസ് മിനി സൂ.

(ബി) തിരുവനന്തപുരം, തൃശ്ശൂർ മൃഗശാലകൾക്കൊഴികെ മറ്റൊന്നിനും ലഭിച്ചിട്ടില്ല. അംഗീകാരം ലഭിക്കാത്ത കേന്ദ്രങ്ങൾ ചുവടെ ചേർക്കുന്നു :

1. പെരുവണ്ണാമൂഴി ക്രോക്കോഡൈൽ ആന്റ് സ്നേക്ക് പാർക്ക്.

2. മാൻ പാർക്ക്, വാളയാർ.

3. വൈൽഡ് അനിമൽ റെസ്ക്യൂ സെന്റർ, കോടനാട്.

4. ക്രോക്കോഡൈൽ പ്രൊട്ടക്ഷൻ സെന്റർ, നെയ്യാർ

5. മാൻ റീഹാബിലിറ്റേഷൻ സെന്റർ, നെയ്യാർ

6. ലയൺ സഫാരി പാർക്ക്, നെയ്യാർ

7. സ്നേക്ക് റെസ്ക്യൂ ആന്റ് റീഹാബിലിറ്റേഷൻ സെന്റർ, മലമ്പുഴ

8. പറശ്ശിനിക്കടവിലെ സ്നേക്ക് പാർക്ക്

9. തൃപ്പൂണിത്തുറയിലുള്ള ഹിൽ പാലസ് മിനി സൂ.

(സി) തിരുവനന്തപുരം, തൃശൂർ മൃഗശാലകളിലും, പറശ്ശിനിക്കടവ് സ്നേക്ക് പാർക്കിലും, മലമ്പുഴ സ്നേക്ക് റീഹാബിലിറ്റേഷൻ സെന്ററിലും കോടനാട്, വൈൽഡ് അനിമൽ റെസ്ക്യൂ സെന്ററിലും ഫീസ് ഈടാക്കുന്നുണ്ട്. മറ്റിടങ്ങളിൽ ഫീസ് ഈടാക്കുന്നില്ല.

അനുവദിച്ചിട്ടുള്ള പണം യഥാസമയം വിനിയോഗിക്കാൻ നടപടി

25 (*560) ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. കെ. നാരായണക്കുറുപ്പ് :
ശ്രീ. തോമസ് ചാഴികാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബഡ്ജറ്റിൽ അനുവദിച്ചിട്ടുള്ള പണം അതാതു പദ്ധതികൾക്ക് യഥാസമയം വിനിയോഗിക്കാൻ കഴിയാതെ വരുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ എന്തുകൊണ്ടാണ് ഇങ്ങനെ സംഭവിക്കുന്നത് എന്നറിയിക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) വകുപ്പിലെ ഉന്നത ഉദ്യോഗസ്ഥരുടെ അലംഭാവം ഇക്കാര്യത്തിൽ ഉണ്ടോ എന്ന് പരിശോധിച്ചിട്ടുണ്ടോ ;

(ഡി) എങ്കിൽ ഇത്തരം സാഹചര്യങ്ങൾ ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ) :

(എ) ബഡ്ജറ്റിൽ അനുവദിക്കുന്ന തുക പൂർണ്ണമായും അതാതു പദ്ധിക്ക് യഥാസമയം തന്നെ വിനിയോഗിക്കാനാണ് ലക്ഷ്യമിടുന്നതെങ്കിലും ചില പ്രത്യേക സാഹചര്യങ്ങളിൽ ലക്ഷ്യമിട്ട തരത്തിൽ തുകകൾ വിനിയോഗിക്കാൻ കഴിയാതെ വരാറുണ്ട്.

(ബി) ബഡ്ജറ്റിൽ ലക്ഷ്യമിട്ട തോതിൽ വിഭവ ലഭ്യത ഉറപ്പാക്കാൻ സാധിക്കാതെ വരാറുണ്ട്. അത്തരം സാഹചര്യത്തിൽ വിഭവ ലഭ്യതയ്ക്കനുസൃതമായി പദ്ധതി വിഹിതത്തിൽ മാറ്റം വരുത്തുകയും ഇപ്രകാരം പുതുക്കി നിർണ്ണയിക്കേണ്ടി വരുന്ന പദ്ധതി വിഹിതത്തിന് ആസൂത്രണ കമ്മീഷന്റെ അംഗീകാരംനേടി പദ്ധതി നടത്താറുണ്ട്. പദ്ധതി നടത്തിപ്പിൽ വീഴ്ച തടയുന്നതിനായി സർക്കാർ തലത്തിലും ആസൂത്രണ ബോർഡ് തലത്തിലും വിവിധ മാർഗ്ഗങ്ങൾ സ്വീകരിച്ചിട്ടുണ്ട്.

(സി) അവയിൽ പ്രധാനപ്പെട്ടവ, പദ്ധതി വർഷത്തിന്റെ ഒന്നാം പാദത്തിൽ പദ്ധതി അടങ്കലിന്റെ 15 ശതമാനവും, രണ്ടാം പാദത്തിൽ 25%-വും മൂന്നും നാലും പാദങ്ങളിൽ 30 ശതമാനം വീതവും ലക്ഷ്യം കൈവരിക്കണമെന്നാണ് ആസൂത്രണ ബോർഡും സർക്കാരും തീരുമാനിച്ചിട്ടുള്ളത്. ഇതിന്റെ ഭാഗമായി ചീഫ് സെക്രട്ടറി തലത്തിലും വകുപ്പു തലത്തിലും ഓരോ മാസവും പദ്ധതി നിർവ്വഹണത്തിന്റെ അവലോകനം നടത്താറുണ്ട്. ഇത്തരത്തിൽ നടത്തുന്ന അവലോകനങ്ങളിൽ വകുപ്പിലെ ഉന്നത ഉദ്യോഗസ്ഥരുടെ അഭാവം ഉണ്ടായിട്ടുള്ളതായി കണ്ടിട്ടില്ല.

(ഡി) ഉദിക്കുന്നില്ല.

(2) നക്ഷത്ര ചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

സംസ്ഥാന സർക്കാർ വിദേശ രാജ്യങ്ങളിൽ നിന്നും വാങ്ങിയ ധനസഹായം

1 (3210) ശ്രീ. കെ. പി. രാജേന്ദ്രൻ :
ശ്രീ. പി. എസ്. സുപാൽ :
ശ്രീ. പി. നാരായണൻ :
ശ്രീ. എൻ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ഗവൺമെന്റ് ഏതൊക്കെ വിദേശ രാജ്യങ്ങളിൽ നിന്ന് ധനസഹായം വാങ്ങുന്നുണ്ട് ;

(ബി) പ്രസ്തുത സഹായങ്ങളിൽ വായ്പ എത്ര ; ഗ്രാന്റ് എത്ര ; എന്ന് വ്യക്തമാക്കുമോ :

LIBRARY ARCHIVES Kerala Legislative Assembly